(ബി) നഷ്ടം കണക്കാക്കിയിട്ടില്ല.

(സി) ഇല്ല.

(ഡി) ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾക്കും മതപരമായ വിശേഷ ദിവസങ്ങൾക്കും ഉത്സവങ്ങൾക്കും മുൻകാലങ്ങളിൽ നല്കി വരുന്ന അവധികളെ അടിസ്ഥാനമാക്കിയാണ് ഓരോ വർഷവും പൊതു അവധികൾ പ്രഖ്യാപിക്കുന്നത്. ഇതിന് വ്യത്യാസം വരുത്താനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

നിയോനാറ്റൽ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനവും ഇൻക്യുബേറ്റർ സംവിധാനവും വ്യാപിപ്പിക്കാൻ നടപടി

14 (*311) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബോബിജോൺ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നവജാത ശിശുക്കളുടെ മരണനിരക്ക് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 'നിയോനാറ്റൽ' ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം അടിയന്തരമായി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കിടത്തി ചികിത്സയുള്ള എത്ര ആശുപത്രികളിൽ നവജാത ശിശുക്കളുടെ സുരക്ഷയ്ക്കായി ഇൻക്യുബേറ്റർ സംവിധാനം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) കേരളത്തിൽ നവജാത ശിശുക്കളുടെ മരണനിരക്ക് ഇപ്പോൾ 1000 സജീവ ജനനങ്ങളിൽ 10.9 എന്നായി കുറഞ്ഞിട്ടുണ്ട്. എങ്കിലും നിയോനാറ്റൽ യൂണിറ്റുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും നിയോനാറ്റൽ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. കൂടാതെ 12 ജില്ലാ ആശുപത്രികളിലും 4 വിമൻസ് ആന്റ് ചിൽഡ്രൻസ് ആശുപത്രികളിലും ന്യൂബോൺ നഴ്സറികൾ പ്രവർത്തിച്ചു വരുന്നു. ഇവ നവീകരിക്കുവാനും പുതിയ ഉപകരണങ്ങൾ ലഭ്യമാക്കാനും മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് പരിശീലനം നടത്തുവാനും ഉദ്ദേശിക്കുന്നു.

(സി) തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, കോട്ടയം എന്നീ മെഡിക്കൽ കോളേജ് ആശുപത്രികളിലും തൈക്കാട് വിമൻ ആന്റ് ചിൽഡ്രൻസ് ആശുപത്രിയിലും ഇൻക്യുബേറ്റർ സൗകര്യം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly